**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **17-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് എം.എൽ.എ.യുടെ പ്രത്യേക വികസന നിധി പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലെ പുരോഗതി ലഭ്യമാക്കാമോ; | (എ) | **അഴീക്കോട് നിയോജകമണ്ഡലം എംഎൽഎ പ്രത്യേക വികസന നിധിയിൽ നിന്നും പ്രത്യേക അനുമതിയ്ക്കായി ഈ സാമ്പത്തിക വർഷം ശിപാർശ ലഭിച്ച പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം ചുവടെ കൊടുക്കുന്നു.** |

| ക്രമ നമ്പർ | പ്രവൃത്തി | ഫയൽ നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ചിറക്കൽ പഞ്ചായത്തിൽ കീരിയാട് ലക്ഷം വീട് കോളനിയിൽ നടപ്പാത നിർമ്മാണം. | NC-B1/110/2025-FIN<br>(3155070) | **16.09.2025 തീയതിയിലെ സ.ഉ.(സാധാ)നം.7433/ 2025/ധന നമ്പർ ഉത്തരവ് (അനുബന്ധം -1) പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.** |
| 2. | **കണ്ണൂർ കോർപ്പറേഷനിലെ പുഴാതി, പള്ളിക്കുന്ന് എന്നീ സോണലുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളിലായി വാഹനം വാങ്ങൽ.** | NC-B1/112/2025-FIN<br>(3155073) | **പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക കത്ത് (അനുബന്ധം -2) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കി ഉടൻ തീരുമാനം കൈക്കൊള്ളുന്നതാണ്.** |
| 3. | **പുഴാതി സോണൽ-അത്താഴക്കുന്ന് കുന്നേക്കാവ് മുതൽ കോരമ്പെത്ത് വീട് വരെ ഡ്രൈനേജ് നടപ്പാത നിർമ്മാണം.** | NC-B1/111/2025-FIN<br>(3155071) | **20.06.2025 തീയതിയിലെ സ.ഉ.(സാധാ)നം.5287/ 2025/ധന നമ്പർ ഉത്തരവ് (അനുബന്ധം -3) പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.** |
| 4. | കൊറ്റാളി പി.എച്ച്.സി യിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി. | NC-B1/124/2025-FIN<br>(3163565) | ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ലഭ്യമാവുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**'ഭരണഭാഷ മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ധനകാര്യ വകുപ്പ് – എം.എൽ.എ പ്രത്യേക വികസന നിധി – 2022-23 – അഴീക്കോട് നിയോജകമണ്ഡലം – ചിറക്കൽ പഞ്ചായത്തിൽ കീരിയാട് ലക്ഷം വീട് കോളനിയിൽ നടപ്പാത നിർമ്മാണം – പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ – ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.7433/2025/ധന** **തീയതി,തിരുവനന്തപുരം, 16/09/2025**

---

**പരാമർശം:** 1. 29/12/2017 തീയതിയിലെ സ.ഉ (അച്ചടി) നം. 161/2017/ധന ഉത്തരവ്.

2. 12/12/2018 തീയതിയിലെ സ.ഉ (അച്ചടി) നം. 194/2018/ധന ഉത്തരവ്.

3. 14/05/2025 തീയതിയിൽ അഴീക്കോട് നിയോജകമണ്ഡലം ബഹു. എം.എൽ.എ ശ്രീ. കെ.വി.സുമേഷ് അവർകൾ ബഹു. ധനമന്ത്രിക്ക് സമർപ്പിച്ച കത്ത്.

**<u>ഉത്തരവ്</u>**

അഴീക്കോട് നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 8,10,000/- രൂപ വിനിയോഗിച്ച് 'ചിറക്കൽ പഞ്ചായത്തിൽ കീരിയാട് ലക്ഷം വീട് കോളനിയിൽ നടപ്പാത നിർമ്മാണം' എന്ന പ്രവൃത്തിക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഴീക്കോട് നിയോജകമണ്ഡലം ബഹു. എം.എൽ.എ ശ്രീ. കെ.വി.സുമേഷ് അവർകൾ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശം (1) ഉത്തരവിലെ അനുബന്ധം 1 ലെ അനുവദനീയമായ പ്രവൃത്തികളിലെ ഇനം 18 പ്രകാരം നടപ്പാതകൾ അനുവദനീയമാണ്. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഴീക്കോട് നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 8,10,000/- (എട്ട് ലക്ഷത്തി പതിനായിരം) രൂപ വിനിയോഗിച്ച് 'ചിറക്കൽ പഞ്ചായത്തിൽ കീരിയാട് ലക്ഷം വീട് കോളനിയിൽ നടപ്പാത നിർമ്മാണം' എന്ന പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവു വരുത്തി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകുമാർ എ എൽ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**<u>പകർപ്പ് :</u>**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II) കേരള, തിരുവനന്തപുരം
3. ബഹു. എം.എൽ.എ. ശ്രീ കെ. വി. സുമേഷ്(അഴീക്കോട് നിയോജകമണ്ഡലം), മൈല പ്രവൻ ഹൗസ്, നെല്ലിക്കുന്ന്, ചെങ്ങളായി പി.ഒ., പിൻ-670631.
4. ജില്ലാ കളക്ടർ, കണ്ണൂർ.

5. ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [3155070/NC-B1/110/2025-FIN]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം-2

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ(നോഡൽ സെന്റർ-ബി) വകുപ്പ്

നം.3155073/എൻ.സി-ബി1/112/2025-ധന 26-06-2025,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം

ജില്ലാ കളക്ടർ,
കണ്ണൂർ.

സർ,

വിഷയം:- എംഎൽ എ -SDF 2025-26 -അഴീക്കോട് നിയോജക മണ്ഡലം-കണ്ണൂർ കോർപ്പറേഷനിലെ പുഴാതി, പള്ളിക്കുന്ന് എന്നീ സോണലുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്ന പ്രവൃത്തിക്ക് പ്രത്യേക അനുമതി- സംബ.

സൂചന:- ബഹു. അഴീക്കോട് എംഎൽഎ ശ്രീ. കെ. വി. സുമേഷ് അവർകളുടെ 14.05.2025 തീയതിയിലെ കത്ത്(ഉള്ളടക്കം).

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-26 വർഷത്തെ അഴീക്കോട് നിയോജക മണ്ഡല പ്രത്യേക വികസന ഫണ്ടിൽ നിന്നും കണ്ണൂർ കോർപ്പറേഷനിലെ പുഴാതി, പള്ളിക്കുന്ന് എന്നീ സോണലുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്ന പ്രവൃത്തിക്ക് പ്രത്യേക അനുമതി നൽകണമെന്ന് സൂചന കത്ത് പ്രകാരം ബഹു. അഴീക്കോട് എംഎൽഎ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ഏതു തരം വാഹനമാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വാഹനത്തിന്റെ തുടർപരിപാലനം, അറ്റകുറ്റപ്പണികൾ, ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ആര് വഹിക്കുമെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
MANJU L R
അണ്ടർ സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Signed by Anupama S
Date: 26-06-2025 17:15:39

അനുബന്ധം-3

'ഭരണഭാഷ മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – എം.എൽ.എ പ്രത്യേക വികസന നിധി – 2020-21 – അഴീക്കോട് നിയോജകമണ്ഡലം – പുഴാതി സോണൽ – അത്താഴക്കുന്ന് കന്നേക്കാവ് മുതൽ കോരമ്പേത്ത് വീട് വരെ ഡ്രൈനേജ് നടപ്പാത നിർമ്മാണ പ്രവൃത്തി – പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ – ബി) വകുപ്പ്

സ.ഉ.(സാധാ)നം. 5287/2025/ധന | തീയതി,തിരുവനന്തപുരം, 20/06/2025

---

പരാമർശം:
1. 29/12/2017 തീയതിയിലെ 161/2017/ധനം (അച്ചടി) നമ്പർ സർക്കാർ ഉത്തരവ്.
2. 12/12/2018 തീയതിയിലെ 194/2018/ധനം (അച്ചടി) നമ്പർ സർക്കാർ ഉത്തരവ്.
3. 14/05/2025 തീയതിയിൽ ബഹു. അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ അഡ്വ. കെ. വി. സുമേഷ് അവർകൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്ത്.

## ഉത്തരവ്

അഴീക്കോട് നിയോജക മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് 'പുഴാതി സോണൽ- അത്താഴക്കുന്ന് കന്നേക്കാവ് മുതൽ കോരമ്പേത്ത് വീട് വരെ ഡ്രൈനേജ് നടപ്പാത നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന് ബഹു. അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ അഡ്വ. കെ.വി.സുമേഷ് അവർകൾ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. എം.എൽ.എ പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പരാമർശം (1) ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള അനുവദനീയമായ പ്രവൃത്തികളിലെ ഇനം 3-ൽ ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും നഗരപ്രദേശങ്ങളിലെയും അപ്രോച്ച് റോഡ്, ലിങ്ക് റോഡ്, മറ്റ് റോഡുകളുടെ നിർമ്മാണം, പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി എം.എൽ.എ യ്ക്ക് ഉചിതമാണെന്ന് തോന്നുന്ന പക്ഷം ഗ്രാമീണ റോഡുകളുടെ നിർമ്മാണം എന്നിവ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് അഴീക്കോട് നിയോജകമണ്ഡലത്തിൽ 'പുഴാതി സോണൽ- അത്താഴക്കുന്ന് കന്നേക്കാവ് മുതൽ കോരമ്പേത്ത് വീട് വരെ ഡ്രൈനേജ് നടപ്പാത നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് വരുത്തി, പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കണമെന്ന വ്യവസ്ഥയോടെ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകുമാർ എ എൽ
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II) കേരള, തിരുവനന്തപുരം

3. ബഹു. എം.എൽ.എ അഡ്വ. കെ.വി. സുമേഷ് (അഴീക്കോട് നിയോജകമണ്ഡലം), മൈല പ്രവൻ ഹൗസ്, നെല്ലിക്കുന്ന്, ചെങ്ങളായി പി.ഒ., കണ്ണൂർ-670631.
4. ജില്ലാ കളക്ടർ, കണ്ണൂർ.
5. ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [3155071/NC-B1/111/2025-FIN]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ